File No.FWLD-B2/214/2018-FWLD

15909
18/9/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മറയൂർ ചന്ദന ഡിവിഷന്റെ കീഴിൽ 17.01.2018, 18.01.2018 എന്നീ തീയതികളിൽ നടന്ന ചന്ദന ലേലത്തിൽ കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, മൂന്നാർ എന്ന സ്ഥാപനം വിവിധ ക്ലാസുകളിലായി വിളിച്ചെടുത്ത 272.850 Kg ചന്ദനത്തിൽ ഡ്രൈയേജ് സംഭവിച്ച 12.750 Kg ചന്ദനത്തിന്റെ വിലയായ 1,67,788/- രൂപ (ഒരു ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുന്നൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.121/2019/വനം തീയതി,തിരുവനന്തപുരം, 18/03/2019

---

പരാമർശം:- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ 7/9/2018 തീയതിയിലെ പ്രൊ (5) - 35990/18 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മറയൂർ ചന്ദന ഡിവിഷന്റെ കീഴിൽ 17.01.2018, 18.01.2018 എന്നീ തീയതികളിൽ നടന്ന ചന്ദനലേലത്തിൽ കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനം വിവിധ ക്ലാസുകളിലായി വിളിച്ചെടുത്ത 272.850 Kg ചന്ദനത്തിന്റെ വിലയായ 34,46,634/- രൂപ ദേവികുളം സബ്ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ വിളിച്ചെടുത്ത 272.850 Kg ചന്ദനത്തിൽ 12.750 Kg ഡ്രൈയേജ് സംഭവിച്ചതിനാൽ 260.100 Kg ചന്ദനം റിലീസ് ചെയ്യുകയും, ഡ്രൈയേജ് സംഭവിച്ച 12.750 Kg ചന്ദനത്തിന്റെ വിലയായ 1,67,788/- രൂപ തിരികെ നൽകുന്നതിനായി റീഫണ്ട് ബില്ല് തയ്യാറാക്കി നൽകിയിരിക്കുകയാണെന്നും പരാമർശം പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

2) ലേലത്തിൽ വയ്ക്കുന്നതിനായി എടുത്ത തൂക്കത്തിൽ നിന്നും കാലാവസ്ഥയുടെ വ്യതിയാനം മൂലം ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത് സ്വാഭാവികമാണെന്നും, മഴക്കാലത്തും മഞ്ഞുകാലത്തും തൂക്കം നോക്കി ലേലത്തിൽവച്ച ഉത് പന്നങ്ങൾ ഉഷ്ണകാലത്ത് റിലീസ് ചെയ്യുമ്പോൾ തൂക്കത്തിൽ കുറവ് വരുന്നത് സ്വാഭാവികമാണെന്നും, ചന്ദനത്തടിക്ക് ഹൈഗ്രോസ്കോപ്പിക് നേചർ ഉള്ളതിനാലാണ് ഡ്രൈയേജ് സംഭവിച്ചതെന്നും, ആയതിനാൽ 2%- ൽ കൂടുതൽ ഡ്രൈയേജ് സംഭവിച്ച 12.750 കി. ഗ്രാം ചന്ദനത്തിന്റെ ബിൽ തുകയായ 1,67,788/- രൂപ (ഒരു ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുന്നൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) റീഫണ്ട് ചെയ്യുന്നതിനാവശ്യമായ സർക്കാർ അംഗീകാരം ലഭ്യമാക്കണമെന്നും പരാമർശം പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) അഭ്യർത്ഥിച്ചിട്ടുണ്ട്.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്രൈയേജ് സംഭവിച്ച

12.750 കി. ഗ്രാം ചന്ദനത്തിന്റെ വിലയായ 1,67,788/- രൂപ റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകണമെന്നുമുള്ള പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻ ഡ് & റിസോഴ്സസ്)-ന്റെ ശുപാർശ പരിഗണിച്ച്, മറയൂർ ചന്ദന ഡിവിഷന്റെ കീഴിൽ 17.01.2018, 18.01.2018 എന്നീ തീയതികളിൽ നടന്ന ചന്ദനലേലത്തിൽ കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനം വിളിച്ചെടുത്ത 272.850 Kg ചന്ദനത്തിൽ ഡ്രൈയേജ് സംഭവിച്ച 12.750 Kg ചന്ദനത്തിന്റെ വിലയായ 1,67,788/- രൂപ (ഒരു ലക്ഷത്തി അറുപത്തിയേഴായിരത്തി എഴുനൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) തിരികെ നൽകുന്നതിനുള്ള അനുമതി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻ ഡ് & റിസോഴ്സസ്)ക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനില് കുമാര്.വി.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ &ഇ ) കേരള, തിരുവനന്തപുരം

ധനകാര്യ (അഗ്രിവിംഗ്.സി) വകുപ്പ് (അഗ്രി-സി2/118/2018-ഫിൻ തീയതി 14/12/2018 പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.03.18 ...3:19 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. വനം വകുപ്പ് മന്ത്രിയുടെ പി.എസ്
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
വനം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.